**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220</u>** **<u>22-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>തൊഴിലാളിക്ഷേമപ്രവർത്തനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോർജ് എം .തോമസ് ,<br>ശ്രീ. കെ ദാസൻ,<br>ശ്രീമതി പി. അയിഷാ പോറ്റി,<br>ശ്രീ. കെ. ജെ. മാക്സി | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷയ്ക്കായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി, അവശത അനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ എന്നീ മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ചുള്ള "അസംഘടിത മേഖല തൊഴിലാളി സംരക്ഷണം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾ നൽകുന്നതിനായി, സർക്കാർ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ നിയമം, 2008 നടപ്പിലാക്കി. കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ തൊഴിലാളി ക്ഷേമ പദ്ധതി എന്നീ ആറ് പദ്ധതികൾ കൂട്ടിച്ചേർത്ത് അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണ- ത്തിലേക്കായി കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം അംഗങ്ങൾക്ക് റിട്ടയർമെന്റാനുകൂല്യം, പെൻഷൻ, വിവാഹ ധനസഹായം, പ്രസവധനസഹായം, അവശതാ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാസഹായം മരണാനന്തരാനുകൂല്യം/ അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ |

| | | | |
|---|---|---|---|
| | | | എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം എത്ര മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്; പുതുതായി എത്ര മേഖലകളിൽ കൂടി മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്; എല്ലാ മേഖലകളിലും സമയബന്ധിതമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലാവധി പൂർത്തിയായ 42 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതിയതായി ഉൾപ്പെടുത്തിയ 6 തൊഴിൽ മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കാലാവധി പൂർത്തിയാക്കിയ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും പുതിയതായി മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ ഉപസമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. (വിശദമായ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു). |
| (സി) | ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധ്യമായിട്ടുണ്ടോ; കൊവിഡ് പ്രതിസന്ധി നേരിടാൻ ക്ഷേമനിധി ബോർഡുകൾ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ? | (സി) | ഉണ്ട്. കോവിഡ് പ്രതിസന്ധിയെ നേരിടുന്നതിന് സമാനതകളില്ലാത്ത പ്രവർത്തനമാണ് ബോർഡുകൾ നടത്തിയിട്ടുള്ളത്. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി 3,62,38,97,840/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 1849789 തൊഴിലാളികൾക്കായി 1,87,22,66,000/- രൂപ കോവിഡ്-19 ധനസഹായയിനത്തിൽ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള ബോർഡുകളിൽ തനത് ഫണ്ടിൽ നിന്നും 993964 തൊഴിലാളികൾക്കായി 1,56,80,76,050/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകൾ

| ക്രമ നമ്പർ | തൊഴിൽ മേഖല |
| --- | --- |
| 1 | ഹോസ്റ്റൽസ് |
| 2 | ഐസ് ഫാക്ടറീസ് |
| 3 | സെയിൽ പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് |
| 4 | പ്രിന്റിംഗ് പ്രസസ് |
| 5 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് |
| 6 | ഹാന്റ്ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് |
| 7 | കെയിൻ ആന്റ് ബാംബു ഇൻഡസ്ട്രി |
| 8 | ആയുർവേദിക് & അലോപ്പതിക് മെഡിസിൻ നിർമ്മാണം |
| 9 | ഷോപ്സ് ഹോട്ടൽ & റെസ്റ്റോറന്റ് |
| 10 | ഡൊമസ്റ്റിക് വർക്സ് |
| 11 | ബീഡി & സിഗാർ ഇൻഡസ്ട്രി |
| 12 | ഓയിൽ മിൽ |
| 13 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി |
| 14 | സെക്യൂരിറ്റി സർവ്വീസ് |
| 15 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് |
| 16 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് |
| 17 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് |
| 18 | ഓയിൽപാം |
| 19 | പ്രൈവറ്റ് ഹോസ്പിറ്റിൽസ് |
| 20 | ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫിഷ് ഫ്രീസിംഗ് & എക്സ്പോർട്ടിംഗ് ഓഫ് സീഫുഡ്സ് |
| 21 | ഖാദി ഇൻഡസ്ട്രി |
| 22 | ഹാന്റ്ലൂം ഡെയ്ലി പീസ് റേറ്റഡ് & മന്ത്ലി പെയഡ് എംപ്ലോയീസ് |
| 23 | ഹാന്റിക്രാഫ്റ്റ് |
| 24 | മൈനർ പോർട്ട് |
| 25 | റബ്ബർ പ്രോഡക്ട് ഇൻഡസ്ട്രീസ് |
| 26 | സിനിമാ തീയേറ്ററുകൾ |
| 27. | ഫോറസ്റ്റ് |
| 28. | സ്വീപ്പിംഗ് & ക്ലീനിംഗ് |
| 29. | ഫർണിച്ചർ ഇൻഡസ്ട്രി |
| 30. | റിവർ സാന്റ് കളക്ഷൻ |
| 31. | സ്റ്റോൺ ബ്രേക്കിംഗ് & ക്രഷിംഗ് |
| 32. | കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് & ബിൽഡിംഗ് ഓപ്പറേഷൻസ് |
| 33. | ടോഡി ടാപ്പിംഗ് |

| | |
|---|---|
| 34 | ബ്ലോക്ക് റബ്ബർ ഫാക്ടറീസ് |
| 35 | ഗാർമെന്റ് മേക്കിംഗ് |
| 36 | റൈസ് മിൽ, ഫ്ളവർ മിൽ, ദാൽ മിൽ |
| 37 | ലിക്വർ ട്രേഡിംഗ് & വെൻഡിംഗ് |
| 38 | പെട്രോൾ പമ്പ് |
| 39 | തീപ്പെട്ടി വ്യവസായം |
| 40 | ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രി |
| 41 | മാർബിൾ & ഗ്രാനൈറ്റ് ഇൻഡസ്ട്രി |
| 42 | കമ്പ്യൂട്ടർ സോഫ്റ്റ്വെയർ |

**മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തി മിനിമം വേതനം നിശ്ചയിച്ച മേഖലകൾ**

| | |
|---|---|
| 1 | സ്കൂൾ പാചക തൊഴിലാളികൾ |
| 2. | ഫോട്ടോഗ്രാഫി & വീഡിയോഗ്രാഫി |
| 3. | പേപ്പർ പ്രൊഡക്ഷൻ |
| 4. | ഫുട്വെയർ മാനുഫാക്ടചറിംഗ് |
| 5 | പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| 6 | കേബിൾ ടി.വി |

**മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള മേഖലകളും അതിനായി സ്വീകരിച്ച നടപടികളും**

| ക്രമ നമ്പർ | തൊഴിൽ മേഖല | സ്വീകരിച്ച നടപടി |
|---|---|---|
| 1. | മൈനർ എഞ്ചിനീയറിംഗ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 2. | കുട നിർമ്മാണം | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 3. | എൽ.പി.ഗ്യാസ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 4. | പ്ലാസ്റ്റിക് ഇൻഡസ്ട്രി | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 5. | കൺസ്ട്രക്ഷൻ & മെയിന്റനൻസ് ഓഫ് ഡാംസ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 6. | പ്രൈവറ്റ് എഡ്യൂക്കേഷൻ ഇൻഡസ്റ്റിറ്റ്യൂഷൻസ് (നോൺ ടീച്ചിംഗ്) | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 7. | ഡയമണ്ട് കട്ടിംഗ് & പോളിംഷിംഗ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 8. | പ്രൈവറ്റ് ടെമ്പിൾസ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 9. | പ്ലാന്റേഷൻസ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| 10. | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര | മിനിമം വേതന ഉപദേശക സമിതിയിൽ നിന്നും ശുപാർശ സർക്കാരിന് ലഭ്യമാകേണ്ടതുണ്ട് |
| 11. | സ്ക്രീൻ പ്രിന്റിംഗ് | ,, |

| | | |
|---|---|---|
| 12. | ട്രീ ക്ലൈംബിംഗ് | ,, |
| 13. | ബ്രിക്ക് മാനുഫാക്ചറിംഗ് | 18-05-2019-ലെ സ.ഉ (പി) 38/2019/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. |
| 14. | വയർ കട്ട് ബ്രിക്സ് | ,, |
| 15. | ഇലക്ട്രോണിക് ഇൻഡസ്ട്രി | ,, |
| 16. | ടിംബർ കട്ടിംഗ് | ,, |
| 17. | ബ്രൂവറീസ് | ,, |
| 18. | ഹോയ്സറി മാനുഫാക്ചറിംഗ് | ,,. |
| 19. | സ്റ്റാർ ഹോട്ടൽ | ,, |
| 20. | അലുമിനിയം & ടിൻ പ്രോഡക്ട് | ,, |
| 21. | ടെലിഫിലിംഗ് & മോഷൻ പിക്ച്ചർ | ,, |
| 22. | പവർലൂം | ,, |
| 23. | ഇലക്ട്രിക് എക്വിപ്മെന്റ്സ്, ഹോം അപ്ലൈയൻസ് & ഓപ്പറേഷൻസ് ഓഫ് സോഫ്റ്റ്വെയർ സിസ്റ്റം | ,, |
| 24. | മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ് | ,, |
| 25. | സോപ്പ് മാനുഫാക്ചറിംഗ് | ,, |
| 26. | ടാനറീസ് & ലെതർ മാനുഫാക്ചറിംഗ് | ,, |
| 27. | വാട്ടർ ബോട്ട് ട്രാൻസ്പോർട്ട് | ,, |
| 28. | കയർ വ്യവസായം | ,, |
| 29. | ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫീസ് | ,, |
| 30. | ടൈൽ ഇൻഡസ്ട്രീസ് | മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ മിനിമം വേതന ഉപദേശക സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

## പുതുതായി മിനിമം വേതനം നിശ്ചയിക്കാനുള്ള മേഖലകൾ

| | | |
|---|---|---|
| 1. | ചെറുകിട തോട്ടം | മിനിമം വേതന ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 2. | മാധ്യമ പ്രവർത്തനം | മിനിമം വേതന ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 3. | ആയുർവേദം, ഹോമിയോ, ദന്തൽ, പാരമ്പര്യ ചികിത്സ, സിദ്ധ, യൂനാനി, മർമ്മ വിഭാഗങ്ങൾ, ആശുപത്രിയോടൊപ്പമല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ | മിനിമം വേതന ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |